# കേരള പബ്ലിക് സർവീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, കോട്ടയം

സാധ്യതാ പട്ടിക നമ്പർ: 8/09/ഡി.ഒ.കെ — കോട്ടയം

കാറ്റഗറി നമ്പർ : 83/2007. — 31.07.2009.

## <u>വിജ്ഞാപനം</u>

**12-03-2007** തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം കോട്ടയം ജില്ലയിൽ ടൂറിസം വകുപ്പിൽ **2650 – 4150(PR)** രൂപ ശമ്പള നിരക്കിൽ **<u>ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്</u>** (കാറ്റഗറി നമ്പർ: **83/2007**) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 05-12-2008 തീയതിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ ഒബ്ജക്റ്റീവ് (ഒ.എം.ആർ മൂല്യനിർണ്ണയം) മാതൃകയിലുള്ള പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ അടങ്ങിയ സാധ്യതാപട്ടിക ചുവടെ ചേർത്തിരിക്കുന്നു.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പരുകൾക്കു മുൻപിൽ 'K' കൂടി ചേർത്ത് വായിക്കേണ്ടതാണ്.

## <u>മുഖ്യപട്ടിക</u>

| | | | | | | |
|---|---|---|---|---|---|---|
| 150001 | 150004 | 150005 | 150009 | 150010 | 150011 | 150012 |
| 150013 | 150014 | 150015 | 150016 | 150017 | 150018 | 150019 |
| 150021 | 150023 | 150025 | 150026 | 150027 | 150028 | 150029 |
| 150030 | 150031 | 150034 | 150035 | 150037 | | |

## <u>ഉപ പട്ടികകൾ</u>: ഇല്ല

<u>കുറിപ്പ്:</u>

1) അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ പേര് ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3) ഒ.എം.ആർ പരീക്ഷയിൽ ഹാജരായ യോഗ്യരായ എല്ലാ ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിരിക്കുന്നത്

4) സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി, മറ്റു ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ ആയതും തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും ശരിപ്പകർപ്പും വെരിഫിക്കേഷൻ സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ പേരുകൾ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതല്ല.

5) സംവരണാനുകൂല്യത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ തഹസിൽദാരിൽ നിന്നും 23.05.2008 ലെ ഗവ.ഉത്തരവ് (എം.എസ്) നമ്പർ 318/08/റവന്യൂ പ്രകാരം ലഭിച്ച ജാതി സർട്ടിഫിക്കറ്റും, 2 ശരിപ്പകർപ്പുകളും, മറ്റു പിന്നോക്ക സമുദായാംഗങ്ങൾ 19.12.2008 ലെ ജി ഒ (പി) നം.117/2008/എസ്.സി എസ്.റ്റി.ഡി.ഡി പ്രകാരമുള്ള നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റും, ശരിപ്പകർപ്പും ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന മുഖ്യ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത **'ഓപ്പൺ കോംമ്പറ്റീഷൻ'** ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്.

6) വിമുക്ത ഭടൻമാർ, കായികതാരങ്ങൾ, അംഗവൈകല്യം സംഭവിച്ചവർ എന്നീ വിഭാഗത്തിൽപ്പെട്ടവർ അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല

7) രേഖകൾ ഹാജരാക്കുന്നതിന് വെരിഫിക്കേഷൻ നിശ്ചയിച്ചിട്ടുള്ള ദിവസം ഉദ്യോഗാർത്ഥികൾ കൃത്യസമയത്ത് സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

8) ഉദ്യോഗാർത്ഥികളുടെ അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്ക് വ്യക്തിഗത മെമ്മോ അയയ്ക്കുന്നതാണ്

9) നിലവിലുള്ള നടപടിക്രമമനുസരിച്ച് ഉത്തരക്കടലാസ് പുന:മൂല്യനിർണ്ണയം അനുവദനീയമല്ല. എന്നാൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം നിശ്ചിത ഫീസായ 50 രൂപ (അൻപതു രൂപാ മാത്രം) **"0051–പി.എസ്.സി.–105–സ്റ്റേറ്റ് പി.എസ്.സി.99–എക്സാമിനേഷൻ ഫീസ്"** എന്ന അക്കൗണ്ട് ഹെഡ്ഡിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കുന്നപക്ഷം ഉത്തരക്കടലാസിന്റെ പുന:പരിശോധന നടത്തുന്നതാണ്. സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം പുന:പരിശോധന അനുവദിച്ചിട്ടില്ല. കമ്മീഷന്റെ വിവിധ ഓഫീസുകളിലെ എൻക്വയറി വിഭാഗത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്നതോ, കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.org-ൽ നിന്നും ഡൗൺലോഡ് ചെയ്ത് A4 സൈസ് പേപ്പറിൽ പ്രിന്റ് എടുത്തതോ ഇവയിൽ നിന്നും ഫോട്ടോ കോപ്പി ചെയ്തതോ ആയ നിശ്ചിത ഫാറത്തിൽ തന്നെ പുന:പരിശോധനയ്ക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുന:പരിശോധനയ്ക്കുള്ള അപേക്ഷയോടൊപ്പം നിശ്ചിത ഫീസ് ഒടുക്കിയതിനുള്ള അസ്സൽ ചെലാൻ രസീത് ഉള്ളടക്കം ചെയ്യേതാണ്.

10) ഒ.എം.ആർ ഉത്തരക്കടലാസിന്റെ സെറോക്സ് കോപ്പി ആവശ്യമുള്ള ഉദ്യോഗാർത്ഥികൾ 200 രൂപ ഫീസ് 0051-PSC-800 Other receipts-99 Other receipts എന്ന Head of Account ൽ ഒടുക്കി Original Chalan സഹിതം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനുള്ളിൽ നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

11) ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ അസാധുവാക്കപ്പെട്ട ഉത്തരക്കടലാസുകളുടെ രജിസ്റ്റർ നമ്പരുകളും അവ അസാധുവായതിനുള്ള കാരണങ്ങളും വിവരിക്കുന്ന 08.07.2009 തീയതിയിലെ ERII A1596 /09/EW നമ്പർ വിജ്ഞാപനം കൂടി വായിക്കേണ്ടതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)
(ഒപ്പ്)
ലൈലാ ദാസ്
ജില്ലാ ആഫീസർ
കെ.പി.എസ്.സി.ജില്ലാ ഓഫീസ്, കോട്ടയം

S/hcl-1

KERALA PUBLIC SERVICE COMMISSION

No.ERIIA/596/09/EW

Thiruvananthapuram
Dated : 8/7/09

**NOTIFICATION**

It is hereby notified that the answer scripts of the candidates with the following register Number relating to the below mentioned post have been invalidated to the reason specified under each head.

| | | |
|---|---|---|
| Name of Post | : HOSPITALITY ASSISTANT | |
| Department | : TOURISM | |
| Date of Test | : 05.12.2008 | |
| Category No. | : 083/2007 | District : KOTTAYAM |

**Register Number not bubbled or wrongly bubbled**

150024 150032

Sd/-
P.C.BINOY
SECRETARY
KERALA PUBLIC SERVICE COMMISSION

S/hcl-1